# ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എസ്റ്റി)റുടെ നടപടി ക്രമങ്ങൾ

വിഷയം:- ആ.വ.ഡ - ആരോഗ്യവകുപ്പ് - ജീവനക്കാര്യം - ലാബ്ടെക്നീഷ്യൻ ഗ്രേഡ് 2 - ൽ നിന്ന് ഗ്രേഡ് 1 ആയി 1:1 അനുപാതത്തിൽ ഉദ്യോഗകയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:
1. ഉത്തരവ് നം.ഇ.എസ്5 - 14554/17/ആ.വ.ഡ തീയതി 09/06/2017
2. ഉത്തരവ് നം.ഇ.എസ്5 - 11632/17/ആ.വ.ഡ തീയതി 08/05/2017
3. സർക്കാർ ഉത്തരവ് നം.7/2016/ധന തീയതി 20/01/17
4. ഈ ആഫീസിലെ ഇ.എഫ്2 - 100246/2017/തീയതി 16/02/2018
5. സർക്കാർ ഉത്തരവ് നം.ജി.ഒ (എം.എസ്) 1662/17/ആ.കു.വ തീയതി 14/06/2017

**ഉത്തരവ് നമ്പർ : ഇ.എഫ്2 -40300/16/ആ.വ.ഡ തീയതി :14/03/2018**

. പരാമർശ ഉത്തരവ് (5) പ്രകാരം ഗ്രേഡ് 1 തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ ഗ്രേഡ് 2 തസ്തികയിലെ ഒഴിവായി കണ്ട് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന രീതി അവസാനിപ്പിക്കണമെന്നും കാലക്രമേണ ഗ്രേഡ് 1, ഗ്രേഡ് 2 തസ്തികയിലെ അനുപാതത്തിൽ വ്യത്യാസമുള്ള ജില്ലകളിലെ വ്യത്യാസം പരിഹരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ തസ്തികയിലെ അനുപാതം 1:1 പ്രകാരം ക്രമീകരിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ആരോഗ്യവകുപ്പിലെ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഉണ്ടായ എല്ലാ ഒഴിവുകളും ഗ്രേഡ് 1, ഗ്രേഡ് 2 ഭേദമില്ലാതെ അതാത് ജില്ലാ പി.എസ്.സികൾക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. അപ്രകാരം പി.എസ്.സികൾക്ക് അധികമായി ഗ്രേഡ് 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്തതു കാരണം ഗ്രേഡ് 1 ഒഴിവുകൾ കുറവു വന്ന ജില്ലകളിൽ ഇപ്പോൾ ഉദ്യോഗക്കയറ്റം ലഭിക്കുന്നവരെ താൽക്കാലികമായി നിലനിർത്താനും ഗ്രേഡ് 2 തസ്തികകളിൽ പി.എസ്.സി ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിച്ച് കാലക്രമേണ 1:1 അനുപാതം ക്രമീകരിക്കപ്പെടുമ്പോൾ ജൂനിയറായി ഉദ്യോഗക്കയറ്റം ലഭിച്ചവർ അപ്പോൾ ഗ്രേഡ് 1 തസ്തിക ഒഴിവുള്ള ജില്ലകളിലേക്ക് മാറ്റപ്പെടുമെന്നുള്ള വ്യവസ്ഥയിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു

ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1, ഗ്രേഡ് 2 തസ്തികയിൽ നിലവിലെ സ്ഥിതി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിന്നും ഈ ആഫീസിലെ 16/02/2018 - ലെ ഇതേ നമ്പർ കത്ത് പ്രകാരം ആവശ്യപ്പെടുകയും ആയത് ലഭിച്ചിട്ടുള്ളതാകുന്നു. പരാമർശ ഉത്തരവ് (3) പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1, ഗ്രേഡ് 2 തസ്തികയിലെ അനുപാതം 1:1 ആയി നിലനിർത്തിയിട്ടുള്ളതാകുന്നു. അപ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1, ഗ്രേഡ് 2

5124495

തസ്തികയിൽ 1:1 അനുപാതം ക്രമീകരിക്കുന്നതിനായി ഉത്തരവ് നമ്പർ 1,2 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതും പരിവീക്ഷണ കാലം പൂർത്തിയാക്കിയതുമായ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ 26500-56700 ശമ്പള സ്കെയിലിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ആയി ഉദ്യോഗക്കയറ്റം നൽകി അനുബന്ധം എ - യിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമായ ജീവനക്കാരെ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിലനിർത്തിക്കൊണ്ടും അനുബന്ധം ബി - യിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാരെ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് ഉചിതമായ നിയമനത്തിനായി നൽകികൊണ്ടും ഉത്തരവാകുന്നു.

അനുബന്ധം ബി - യിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാർക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ ഉചിതമായ നിയമന ഉത്തരവ് നൽകേണ്ടതാണ്.

തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ഗ്രേഡ് 1 ലാബ് ടെക്നീഷ്യൻ തസ്തികയിൽ നേരത്തെ ഒഴിവില്ലാത്തതിനാൽ മറ്റ് ഒഴിവുള്ള ജില്ലകളിലേക്ക് മാറ്റി നിയമിക്കപ്പെട്ട അനുബന്ധം സി - യിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാരെ സ്ഥലംമാറ്റി അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന ജില്ലാ മെഡിക്കലാഫീസർമാർക്ക് ഉചിതമായ നിയമനത്തിനായി നല്കികൊണ്ടും ഉത്തരവാകുന്നു.

ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ആയി ഉദ്യോഗക്കയറ്റം നൽകി അനുബന്ധം എ - യും ബി-യും പ്രകാരം നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ലാബ് ടെക്നീഷൻ ഗ്രേഡ് 1 ആയി നിയമനം നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ / സ്ഥാപന മേധാവികൾ താഴെ പറയുന്ന വിവരങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

1. പേര്
2. റാങ്ക് നം.
3. പരിവീക്ഷണം പൂർത്തിയാക്കിയത് സംബന്ധിച്ച വിവരങ്ങൾ

തെറ്റായ സേവന വിവരങ്ങൾ നൽകുന്നതിലൂടെ ഉദ്യോഗക്കയറ്റം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് അടിയന്തിരമായി ഈ ആഫീസിൽ അറിയിച്ച് അവരുടെ ഉദ്യോഗക്കയറ്റം റദ്ദ് ചെയ്യാൻ വേണ്ടി നടപടി സ്വീകരിക്കേണ്ടതാണ്.

4497

ഇപ്പോൾ സർവ്വീസിൽ തുടർന്ന് പോരുന്നതും റാങ്ക് നം. 180 ന് ഉള്ളിൽ വരുന്നതും പരിവീക്ഷണ കാലം പൂർത്തിയിക്കിയിട്ടുള്ളതുമായ ഗ്രേഡ് 2 ലാബ് ടെക്നീഷ്യൻമാർക്ക് അവരുടെ സേവന വിവരങ്ങൾ നൽകാത്തതു കാരണം ഉദ്യോഗക്കയറ്റം നൽകിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അപ്പീൽ ശേഖരിച്ച് ജില്ലാ മെഡിക്കൽ ആഫീസറുടെ അഭിപ്രായ കുറിപ്പോടു കൂടി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോടുകൂടി ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഉദ്യോഗക്കയറ്റം സംബന്ധിച്ച് വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകത്തിൽ സ്ഥാപന മേധാവി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)

**ഡോ.സെമീറ.എ**
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)**

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സ്ഥാപന മേധാവി മുഖാന്തിരം)

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) എല്ലാ ജില്ലകൾക്കും
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
3. ഫയൽ/ കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

496